ഇത്തിരി നാളുകൾ കൊണ്ട്
ഒത്തിരി ആഴങ്ങളിലേക്കിറങ്ങിയ
ഞങ്ങളുടെ കുഞ്ഞുവേരുകൾ ...



# വേരുകൾ....

സ്കൂൾ തലത്തിൽ സമ്മാനർഹമായ മാഗസിൻ

ഡിജിറ്റൽ ആവിഷ്കരണം  ലിറ്റിൽ കൈറ്റ്സ് ക്രസൻറ് ഹയർസെക്കണ്ടറി സ്കൂൾ വാണിമേൽ



പച്ച മണ്ണിൽ വേരുകളാഴത്തി
തുടങ്ങുന്നതേയുള്ളൂ.....
പ്രതീക്ഷയുണ്ട്;
വേരുകളിലെ വെളിച്ചം
ഒരിക്കൽ ഫലങ്ങളിൽ തെളിയുമെന്ന്....
ചില്ലകളിൽ ക്രൂടുക്രൂട്ടാൻ വരുന്ന
ഇരുൾ പക്ഷികളെ
കുടഞ്ഞെറിഞ്ഞ് വളരുമെന്ന്.......
ആകാശത്തിലേക്ക് തുറന്നുവെച്ച്
എന്നാൽ തൊട്ട് മുറിവേൽപ്പിക്കാതെ
വേരുകളുടെ ബലത്തിൽ.....
പരപ്പിൽ.....



# EDITORIAL BOARD

NYNA MEHARIN ( 10.C)

GOPAK. M ( 10.C)

JASIM. U. K ( 10.C)

RESHA FATHIMA( 10.C)

SANU. P. K ( 10.C)

*DIGITAL RENDERING*

*LITTLE KITES 2019 – 2021 CRESCENT HSS VANIMAL*

# സന്ദേശം

ക്രസന്റ് ഹൈസ്കൂളിലെ 10.C ക്ലാസ് 'വേരുകൾ' എന്ന മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. എഴുത്തിന്റെ വലിയ ലോകത്തേക്ക് കാലെടുത്തുവെക്കുന്ന കുരുന്നു പ്രതിഭകളുടെ ഈ കുഞ്ഞുചുവടുവെപ്പ് ഒരു വലിയ കുതിച്ചുചാട്ടത്തിന് നാന്ദി കുറിക്കട്ടെ എന്നാശംസിക്കുന്നു. മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

K.P. Asya teacher



# സന്ദേശം

ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 10.C ക്ലാസ് ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. മൊട്ടിട്ടു വളരുന്ന കുരുന്നു പ്രതിഭകൾക്ക് സാഹിത്യ ലോകത്ത് വേരൂന്നാൻ 'വേരുകൾ' അവസരം സൃഷ്ടിക്കുമെന്നതിൽ സന്ദേഹമില്ല. മാഗസിന് സർവ്വവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ

ക്ലാസ്ടീച്ചർ






# എഡിറ്റോറിയൽ

മലരു വിരിയുന്ന വസന്തമല്ല ,
നീണ്ടു കിടക്കുന്ന ജിവിത സാഗരം
തന്നെ എന്നും എഴുത്തിന് മഷി പാത്രം
ലോകം വാതിലുകൾ ഇനിയും
മുഴുക്കെ തുറന്നിട്ടില്ല ,
ജനൽപ്പാളികൾ നീക്കി
മനസ്സിന്റെ കണ്ണാടി യിലൂടെ കണ്ട
കുഞ്ഞു കഴ്ചകൾ
തൂലിക ചലിപ്പിക്കുമ്പോൾ ഈറങ്ങി പോന്ന
ഓമ്മയുടെ നറുങ്ങകൾ ...
സമ്പൂർണ്ണത അവകാശപ്പെടുന്നില്ല
സഹകരിച്ചവരെയും സഹായിച്ചവരെയും
മനം നിറയെ സ്മരിച്ച് കൊണ്ട്
ഗൗരവ വായനക്കായി താളുകൾ
മറിക്കുന്നവർക്ക് "വേരുകൾ " സമർപ്പിക്കുന്നു

**- എഡിറ്റർ**



# PROBLEM

-Miqdad

I am alone in the world
The world is fighting to me
I am protecting myself
with my hand
The world lost to me!

# ദൈവത്തെ കാണാനില്ല

Ramzy

വികൃതികളായ രണ്ടു സഹോദരന്മാരാണ് വർക്കിയും ആൻ്റപ്പനും.വലിയ മണ്ടന്മാരായിരുന്നു അവർ. അയൽക്കാർ വീട്ടിനുള്ളിലായിരിക്കുമ്പോൾ വീട് പുറത്ത് നിന്ന് പൂട്ടുക,മറ്റുള്ളവരുടെ വളർത്തു മൃഗങ്ങൾക്ക് ചായം പൂശുക തുടങ്ങിയവയായിരുന്നു അവരുടെ പരിപാടികൾ.

നാട്ടുകാരുടെ പരാതികൾ കേട്ട് അവരുടെ അമ്മ സഹികെട്ട് അവർ കുട്ടികളെയും കൂട്ടി അവർ പള്ളീലച്ചൻെറ അടു ത്തെത്തി.അവരെ ഓരോരുത്തരെയും ഉപദേശിക്കാമെന്ന് കരുതി അച്ചൻ ആദ്യം വർക്കിയെ അടുത്ത് വിളിച്ചു.

'നിനക്ക് ദൈവത്തെ കുറിച്ച് അറിയാമോ?' അച്ചൻ ചോദിച്ചു.വർക്കി മറുപടി പറഞ്ഞില്ല.

''പറയൂ ദൈവം എവിടെയുണ്ടെന്നാ ചോദിച്ചത് ?" പുരോഹിതൻ ശബ്ദമുയർത്തി.

വർക്കി നിശബ്ദനായി നിന്നതേയുള്ളൂ.എന്നാൽ മൂന്നാമതും നാലാമതും ചോദ്യം ആവർത്തിച്ചപ്പോൾ അവൻ ഇറങ്ങി ഒറ്റ ഓട്ടം.വർക്കി നേരെ ആൻ്റപ്പൻെറ അടുത്തെത്തിയിട്ട് പറഞ്ഞു:

''ദൈവത്തെ കാണാനില്ലത്രെ.നമ്മൾ ആ സാധനം എടുത്തു വെച്ചിരിക്കുകയാണെന്നാ ഈ അച്ചൻെറ സംശയം."
വർക്കിയുടെ പിന്നാലെ വന്ന അച്ചൻ ഇതു കേട്ട് അന്ധം വിട്ട് നിന്ന് പോയി.

# ക്ലാസ് റൂം

-ബാദിറ

പൊട്ടിച്ചിരികളൊന്നുമില്ലാതെ
പാഠപുസ്തകത്തിലേക്ക്
ആഴ്ന്നിറങ്ങിയ കണ്ണുകൾ
തൊട്ടപ്പുറത്ത് നടക്കുന്നത്
എന്തെന്ന് പോലുമറിയാതെ
സ്വപ്ന ലോകത്തിറങ്ങുകയാണ്...



# *DEAR TEACHER*

***Sharmiq***

***You are like a candle***
***that burns itself to spread light***
***you gave us everything***
***By working hard, day and night***
***Just like now flowers give away***
***fragrance that they can't smell***
***You have made our lives blossom***
***in way that words can't tell.***

# ഏകനായ് ഞാൻ

റാഫിദ മൊയ്തു. ഒ

പരീക്ഷയിൽ മാർക്ക് കുറഞ്ഞപ്പോൾ
കൂട്ടുകാരുടെ പരിഹാസം
അമ്മയുടെ പിറുപിറുക്കൽ

അമ്മയുടെ രഹസ്യ അടപ്പിൽ
ഒളിപ്പിച്ചു വെച്ച എന്റെ ജീവൻ
ഇനി അതിൽ എങ്ങനെ
PUB G കളിക്കും എന്ന ചിന്തയിൽ
ഏകനായി ഞാൻ...

# MOTHERS HARD WORK

- Fathima. C. P

It starts from the precious moment
The moment when we are born
The time when our heart beats make her cry
and that tears burst into joy
The time when our little foot steps turned
as the label of her hard work
Now there is she ,
uncared, unwanted and unloved
in a corner waiting to be died .


ചിത്രം
Adithya
X-L
No: 23
47

# Fertile riches

-Shabooma Shirin

Nature gave me birth
I her death
She gave me treat,
I give her beat
Nature is my heart,
She loves me a lot
I like her beauty a short
Nature protects my teenage,
I travel through that mileage
She taught me all lessons,
She gave me old age
That's my real child age

# LIFE SPAN

It s the first day of my life
said the little bud
The trees heard it
The wind heard it
The trees withered leaves
and embraced the little bud
The wind passed by and
spread joyful moment in the air
The little bud overjoyed, delighted
Birds accompanied her
so did the nature
But it didn't last too long
By then ,the hands of humankind
crushed her little soul
and it shattered into million little pieces.

-Fathima



NATURE

-Riswan C P

Butterflies fluttering around

Cans moving slowly

across the huge waves

Kids laughing and gawking

Bugs flying

Duck fighting

Families grilling

This is relaxation

This is nature

# നീ

മുഹമ്മദ്. എ. പി

ഏതോ തപസ്സിൻ പുണ്യം പോൽ
നീയെന്നിൽ ഓർമ്മകൾ തീർത്തിരുന്നു
കാലം എന്നിലെ സ്നേഹത്തെ എന്തിനോ
ഒരു ദു;ഖത്തിനായി മാത്രം
തീർത്തു വച്ചു.
എങ്കിലും നിന്നോർമ്മയാം ശലഭങ്ങൾ
എന്നെ വീണ്ടും തേടിയലഞ്ഞിരുന്നു
എന്നു ഞാനെൻ നടുമുറ്റത്തൊരു
കോണിൽ നീയാകും  മഴയ്ക്കായി
കാത്തിരുന്നു....

# Threatened Planet



Nowadays earth is facing environmental stresses, by the activities of human. Our forest regulate water flow, retain carbon, distribute nutrients, and produce soil. Yet they are disappearing. Cutting, burning and levelling operations reduce forest's. Our oceans are polluted and over  exploited, by the waste formed by humans. Humans today create a lot of garbage. In time past there was less. Mainly the plastic wastes are landfilling. Plastics which are cheaper  to manufacture, create less trash by weight, but don't break down. Burning of them make toxic ashes into solid wastes. We have to protect our environment. So we live eco-friendly. we can reduce and water

bodies from pollution of our future. This nature is delicate by our past. So we must delicate it for our future. World wide, many organisation contribute to awareness and action for the cause of them was lUCN. They publish 'red data book' for the conservation of extincting species of plants and animals. Some uses of pesticides like DDT and hunting causes the extinction of birds. As a result of deforestation, use of vehicles etc. causes global warming and cause melting of polar regions. Cutting of trees and polluting water bodies causes draught. So man who is destroying himself. My dream is to make this world naturally and get back forests and clear water for future. I baet against plastics until death. I took my job as a media for my dream. So man, go back to nature.

Vyshna Vinod P




# Conservation of nature

Sivanandha

Nature is mysterious and enhancing. Many of our poets are inspired by the beauty of nature. Our earth is facing total destruction. Not only earth, but also man is facing destruction. Our nature is being destroyed by man. No doubt man is nature's beautiful creation. The Irony behind is that, nature's beautiful , greatest creation, man itself is the greatest destroyer of nature. Nature can't escape human impact because of his developments.

Mod ern man's development or developments can be compared to the speed of rocket. Human life is being mechanised man achieves comfort with his money. Areas of farming land area put to human use by building gigantic human concrete building. Knowingly man is being distanced from the nature . They make earth as waste bin and exploit it her mining her resources. At first step we can pressure nature.


FRIENDSHIP
Friend ship is a great thing
it blossoms our life
A simple friend never see your cry
And your true friend
always with you as a smile
Friendship is the hardest thing
in the world to explain
Our bestie's can make our mind
more enthusiastic with their heart
Friendship is an endless pleasure
that i can t express in words
In other  way friendship give us
a bunch of inspiration
The bigship in the world is a
FRIENDSHIP
The language of friendship is not
a word but
meaning............

-

shamna

# കരച്ചിൽ

അവന് കരയണം എന്നുണ്ടായിരുന്നു
പക്ഷേ കരഞ്ഞില്ല
ആളുകളെന്ത് കരുതും?

# പ്രവാസി

അവൻ പഠനം നിർത്തി
മരുഭൂമിയിൽ ഏതോ
ഒട്ടകത്തെ മേയ്ക്കാൻ ഒഴിവുണ്ട്
അങ്ങനെ അവൻ പ്രവാസിയായി

ജാസിം മുഹമ്മദ്


ചിത്രം
Dawatha Afnan

# ഒരു കുടയും കുഞ്ഞുപെങ്ങളും

കേരളത്തിലെ പ്രിയപ്പെട്ട ജനപ്രിയ എഴുത്തുകാരനായിരുന്ന വൃട്ടത്തുവർക്കി എയുതിയ കൃതിയാണ് ഒരു കുടയും കുഞ്ഞു പെങ്ങളും.അദ്ദേഹത്തിൻെറ ലളിതവും സുന്തരവുമായ ആഖ്യാനരീതി കുട്ടികളേയും മുതിർന്നവരെയും ഒരുപൊലെ ആകർഷിക്കും. സ്നേഹബന്ധങ്ങളുടെ മഹത്യത്തിലെക്ക് കുട്ടികളെ സാഹിത്യത്തിൽ എന്നും തിളങ്ങി നിൽക്കുന്നു.

ലില്ലിയും ബേബിയുമാണ് ഈ കഥയിലെ പ്രതാന കഥാപാത്രങ്ങൾ.ഇതിലെ പേരമ്മ ഇവരെ ഭയങ്കരമായി കഷ്ടപ്പെടുത്തുന്നുണ്ട്.ലില്ലിക്ക് കുടയില്ലാത്തതിൻ ചൊല്ലി ബേബി കുടവാങ്ങാൻ പുറപ്പെചുന്നതാണ്,പശ്ചാത്തലം.പിന്നീട് അവർ രണ്ടുപേരും ഒരു വീട്ടിൽ എത്തിച്ചേരുന്ന മഹത്വരമായ സ്നേഹബന്ധത്തിൻെറ കഥയാണ് 'ഒരു കടയും കുഞ്ഞു പെങ്ങളും'

**-Nandna .T**

# I am writing

Loneliness
No words to write
No themes to write
My tongue is motionless
My hand is in rest
My eyes are in rest
Still I am writing

My paper is trying to fly
My pan is urging to write
My another is calling out
Yes I am writing

**Rahsha .M.K**


- റിഫ അമീന

# SPECIAL TEACHER

A teacher should have
A special place
In every child's heart
Because in this game of life
They help they get their start
I just want to thank you
teacher
For all the things you've done
Your a very special teacher
And to me you are number one!!!

By,
Riswan . C.P


ചിത്രം
By,
Rifa Ameena. K.K
59



നൈന മെഹറിൻ
പത്ത്-സി
ക്രസന്റ് എച്ച്. എസ്.എസ്
വാണിമേൽ

കഥ

# സപ്ത വർണങ്ങൾ

''മോളേ എണീക്ക്.''..ഹാരാത് അപ്പൻ അല്ലല്ലോ. കൊച്ചുഗ്രേസിക്ക് പേടിയായി. ഇരുട്ടിൽ ടോർച്ച് വെളിച്ചത്തിൽ തെളിയുന്ന കുറെ മുഖങ്ങൾ. ''മോളേ പേടിക്കണ്ട.. ദേ ഇങ്ങ്ട്ട് പോരീ''...



കാതടപ്പിക്കുന്ന ഇടിയൊച്ച കണ്ണുകളെ റാഞ്ചലായി മിന്നൽപ്പിണരുകൾ. തുള്ളിക്ക് ഒരു കുടം കണക്കെ പെയ്യുന്ന മഴയും.എന്ത് ചെയ്യണമെന്നറിയാത്ത കുഞ്ഞിനെ എടുത്ത് ആരൊക്കെയോ വെള്ളത്തിൽ കേറ്റി. കണ്ണുതുറന്ന ഗ്രേസിക്ക് താൻ ഏതോ പടത്തിൽ കണ്ട ആശുപത്രിയിലാണെത്തിയത് എന്നുതോന്നി.

''അല്ല..ന്റപ്പനും അമ്മച്ചിയും എവിടെ..?''

ചുറ്റിലും കണ്ണുകൾകൊണ്ട് പരതി. അടുത്തില്ല എന്നറിഞ്ഞപാടെ ആ മുഖം കാർമേഘം കണക്കെ ഇരുണ്ടു. കാറും കോളും പ്രകടമായി. അടുത്ത നിമിഷം അത് പെയ്തു. കണ്ടു നിന്നവരും മൂക്കുചീറ്റി. തെളിഞ്ഞ ആകാശത്ത് ഉദിച്ച ചന്ദ്രനെപ്പോലെ മുമ്പിൽ ചിരിച്ചുകൊണ്ടിരിക്കുന്ന ആമിനത്താത്ത "മോളേ ഇഞ്ഞിങ്ങോട്ട് ബാ..ഞമ്മള് ചോറ് ബാരിത്തരാം.''

ങേ.! അപ്പുറത്തെ വീട്ടിലെ ആമിനത്താത്ത. അപ്പൻ പറഞ്ഞേച്ചിട്ടൊണ്ട് അവരെ ഒന്ന് നോക്കുക പോലും ചെയ്യരുതെന്ന്. അവൾ മുഖം തിരിച്ചു. ''മോളേ ഇതാ ഇഞ്ഞ് ഇതങ്ങട്ട് തിന്നോ'' ഒരുരുള വായിലേക്ക് വെച്ചുകൊടുത്തുകൊണ്ട് ആമിനത്താത്ത പറഞ്ഞു. എന്തോ ഒരുൾപ്രേരണയാലെ അവളത് വായിലാക്കി. റേഷൻ അരീടെ ചോറിനും ഉപ്പില്ലാത്ത ചമ്മന്തിക്കും എന്തൊരു രുചി !

അന്ന് മുഴുവൻ അവരുടെ മടിയിൽ തലചായ്ച്ച് അവളുറങ്ങി. അവരുടെ വിയർപ്പിന്റെ ഗന്ധവും ശരീരത്തിലെ പൊടികളും അവളുടെ ഉറക്കിനെ ഒട്ടും അലോസരപ്പെടുത്തിയില്ല.

മോളേ ഗ്രേസീ... ദാ ഉമ്മാ വരണുണ്ട് .ആമിനത്താത്ത ഇന്നവൾക്ക് ഉമ്മയാണ്. അവൾക്ക് മാത്രമല്ല. ദേവൂട്ടിക്കും പാത്തൂനും ഗോപൂനും...... അങ്ങിനെ എല്ലാവർക്കും.

ഓടുകളിലൂടെ ഊർന്നിറങ്ങുന്ന വെള്ളിനൂലുകൾ, അത് വീഴുന്നിടത്ത് ചെളിയിൽ കുമിളകൾ പൊങ്ങുന്നു. ഗ്രേസി ചിന്താമഗ്നയായി... അന്ന് ക്യാമ്പിൽ എല്ലാരും കരഞ്ഞുകൊണ്ടിരിക്കുമ്പോഴും എല്ലാരേം ആശ്വസിപ്പിച്ച് ആമിനത്താത്ത ചിരിക്കുകയായിരുന്നു. മനസ്സിൽ വികാരങ്ങളുടെ അധികപ്പെയ്ത്തിൽ തീർന്ന പ്രളയം, ചിരികൊണ്ട് വഴി തിരിച്ചു ക്ഷമ കൊണ്ട് വറ്റിച്ചു തീർക്കുന്ന പ്രകൃതം. കെട്ടിയോൻ മരിച്ചിട്ട് കൊല്ലങ്ങളായി. ആറ്റുനോറ്റുണ്ടായ മകൻ ഇപ്പോൾ പെണ്ണുമായി മറുനാട്ടിലാണ്. നഷ്ടപ്പെടാൻ ഇനി ഒന്നുമില്ലാത്തതുകൊണ്ടാവാം ജീവിതത്തെ ഇത്രയ്ക്ക് ഇഷ്ടപ്പെടുന്നത്.

മഴ മാറി. മാനം തെളിഞ്ഞു. ഏഴ് നിറങ്ങൾ ആകാശത്ത് 'റ' വരച്ചിരിക്കുന്നു. എങ്കിലും എപ്പോഴോ ചെയ്ത കുറ്റമോർത്ത് കുഞ്ഞുമിഴികൾ പെയ്തു തീരാതെ. .സ്നേഹസൂര്യന്റെ കിരണങ്ങളേറ്റ് ആ മുഖത്തും മഴവില്ല് വിരിഞ്ഞു. അവിടെയാകെയും സപ്തവർണങ്ങൾ..

വര 

ഹഫീഫ. പി.ടി.കെ പത്ത്-ഇ
ക്രസന്റ് എച്ച്. എസ്.എസ് വാണിമേൽ

പ്രസിദ്ധീകരണം : മെന്റർ



റിഫാൻ.എൻ.പി
10 എ
ക്രസന്റ് എച്ച്.എസ്.എസ്
വാണിമേൽ

കഥ

# പറിച്ചെറിഞ്ഞ കള

മേൽപടിക്കൽ തറവാട്ടിലെ ജന്മിയുടെ കാലിൽ വീണ് കരഞ്ഞശേഷമാണ് നിസ്സഹായനായ ആ കൃഷിക്കാരൻ നാലുകെട്ടിന് പുറത്തിറങ്ങിയത്.. ആരെയൊക്കെയോ ശപിക്കുന്നുണ്ടായിരുന്നു മനസ്സിൽ. ദൈവത്തെ ഒന്നു നേരിൽ കണ്ടിരുന്നെങ്കിൽ പരാതി പറയാമായിരുന്നു എന്നയാൾ വിഷമത്തോടെ ചിന്തിച്ചു.. അപ്പോഴും തോരാതെ പെയ്യുന്ന മഴ തന്നെ പരിഹസിക്കുകയാണോ, അതോ തന്റെ വിഷമത്തിൽ പങ്കുചേരുകയാണോ എന്ന് നിശ്ചയിക്കാൻ ആ പാവത്തിന് കഴിഞ്ഞില്ല. മണ്ണുപുരണ്ട കൈലി മുറുക്കിയുടുത്ത് തോർത്തുകൊണ്ട് കണ്ണുതുടച്ച് അയാൾ ആകാശത്തിലേക്ക് നോക്കി. ദിക്കറിയാതെ നിൽക്കുന്ന നിഷ്കളങ്കനായ ഒരു കൊച്ചുകുട്ടിയുടേത് പോലെയായിരുന്നു ആ മുഖം.

ഏക്കറുകളോളം പരന്നുകിടക്കുന്ന ജന്മിയുടെ പാടത്തിനോരത്തെ ചോർന്നൊലിക്കുന്ന തന്റെ കുടിലിൽ അയാളെ കൂടാതെ രണ്ടു ജീവനും കൂടെയുണ്ടായിരുന്നു. "എപ്പളാ അപ്പാ ഏന് ഇത്തിരി ചോറ് കിട്ട്വാ.." എന്ന് ചോദിക്കുന്ന മകളും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഭാര്യയും. ഏത് വഴി നടന്നാൽ വീടെത്തുമെന്ന് അയാൾക്ക് നന്നായി അറിയാമായിരുന്നെങ്കിലും അയാൾ അലക്ഷ്യമായി കുറെ ദൂരം നടന്നു.

കത്തിയുദിക്കുന്ന വെയിൽ വകവെക്കാതെ മാസങ്ങളോളം പാടത്ത് പണിയെടുത്തു. പാടം നനഞ്ഞത് വെള്ളം കൊണ്ട് മാത്രമായിരുന്നില്ല. അയാളുടെ ശരീരത്തിലൂടെ ഊർന്നിറങ്ങിയ വിയർപ്പുതുള്ളികൾ കൊണ്ടുകൂടിയായിരുന്നു. ഓരോ മുളയിലും കിനാവുകളേറെ കണ്ടുകൊണ്ട് അയാളും കുടുംബവും പാടത്ത് പണിയെടുത്തു.


നോക്കിനിൽക്കുന്തോറും ചന്തം കൂടിക്കൂടിവരുന്ന പാടത്തേക്ക് കണ്ണും നട്ട് നിൽക്കുകയായിരുന്ന അയാളെ വിളിക്കാൻ വന്നതായിരുന്നു ജന്മിയുടെ ദൂതൻ.

" തമ്പ്രാന് മൊകം കാണിക്കാൻ ഉത്തരവ്ണ്ട്. " ദൂതൻ പറഞ്ഞു.

വിളഞ്ഞുനിൽക്കുന്ന പാടത്തുനിന്ന് കണ്ണ് പറിച്ച് അയാൾ കൂടെ നടന്നു. ഉമ്മറത്തിരിക്കുന്ന ജന്മിയുടെ അടുത്ത് അടുക്കാതെ അയാൾ സാന്നിധ്യമറിയിച്ചു.

" കണാരാ ഇനി നീയ്യ് ആ പാടത്ത് വേണ്ട." ഒരൊറ്റവാക്കിൽ ജന്മി അത് പറഞ്ഞു.

ഇടിമിന്നലേറ്റപോലെ അയാൾ നിന്നു. "ഏനെന്ത് തെറ്റ് ശെയ്തിട്ടാ തമ്പ്രാ" എന്ന് ചോദിച്ചപ്പോൾ മറുപടി "കടക്കീനെടാ പുറത്ത് " എന്നായിരുന്നു.



ഒരു തെറ്റും ചെയ്യാത്ത അയാൾ തമ്പ്രാന്റെ കാൽക്കൽ വീണ് കെഞ്ചി...എന്തിനായിരുന്നു തന്റെ പ്രതീക്ഷകളെ തച്ചുടച്ചത് എന്നയാൾ അറിഞ്ഞിരുന്നില്ല. വിശപ്പിന്റെ വിളി തീയായ് മനസ്സിൽ പടർന്നു.

ഇനിയെന്ത് എന്നറിയാതെ പുറത്തേക്കിറങ്ങുകയല്ലാതെ മറ്റൊരു വഴിയും അയാളുടെ മുമ്പിലുണ്ടായിരുന്നില്ല. മഴയുടെ ശക്തി കൂടിക്കൂടി വരികയായിരുന്നു. അതൊന്നും കണക്കിലെടുക്കാതെ അയാൾ മുന്നോട്ട് നടക്കുകയാണ് അയാളുടെ മുഖത്തെ വിഷമം ചെറുപുഞ്ചിരിയായി മാറി. അത് പിന്ന പൊട്ടിച്ചിരിയായി.. ഹ.....ഹ.....ഹ.....!!

മഴ പെയ്യുകയാണ്. ലോകം വിറക്കുകയാണ്. പൊട്ടിച്ചിരി പിന്നെ അട്ടഹാസമായി മാറി.. പാടം കാണാനില്ല. അതിന്റെ സ്ഥാനത്ത് ഒരു വലിയ തടാകം കാണാമായിരുന്നു. അയാൾ വീണ്ടും ചിരിച്ചു. തുള്ളിച്ചാടി. അവസാനം നിലത്തിരുന്ന് മനസ്സിൽ കരഞ്ഞു.

പണിയെടുത്തവന് അന്നമില്ലെങ്കിൽ ഇതെല്ലാം ആർക്കുവേണ്ടിയാണെന്ന് ദൈവം വിചാരിച്ചിരിക്കണം. കർഷകന് ഭൂമിയില്ലെങ്കിൽ എന്തിനീ പാടമെന്ന് മഴയും കരുതിയിരിക്കണം. ആ നാട് മുഴുവൻ വെള്ളത്തിലായി. ആ പാവം കർഷകന്റെ പൊട്ടിച്ചിരി വായുവിൽ കലർന്നിരുന്നു. ആകാശം അപ്പോഴും കരയുകയായിരുന്നു. കണാരനെപ്പോലുള്ള കർഷകരോടൊപ്പം.....!

പ്രസിദ്ധീകരണം : മെന്റർ

# ALBUM


little KITEs
"DIGI BREW"
ഡിജിറ്റൽ മാഗസിൻ പ്രകാശനം
18/01/2019 വെള്ളിയാഴ്ച
ക്രസന്റ് ഹൈസ്കൂൾ
വാണിമേൽ
നമ്പർ : LK/2018/16079


"DIGI BREW"
ഡിജിറ്റൽ മാഗസിൻ പ്രകാശനം
18/01/2019 വെള്ളിയാഴ്ച






# സ്വന്തമായി കംപ്യൂട്ടർ നിർമിച്ച് മുഹമ്മദ് റംസി

എടച്ചേരി: വിവര സാങ്കേതിക രംഗത്ത് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന കൈറ്റ്സ് പദ്ധതിയിലൂടെ ഐ.ടി വിദ്യാഭ്യാസത്തിന്റെ പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്വന്തമായി കംപ്യൂട്ടർ നിർമിച്ച് വ്യത്യസ്തനാകുകയാണ് മുഹമ്മദ് റംസി എന്ന വാണിമേൽ ക്രസന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഒൻപതാം ക്ലാസുകാരൻ. വാണിമേൽ ക്രസന്റ് ഹയർ സെക്കൻഡറി സ്കൂൾ ഒൻപതാം തരം വിദ്യാർഥി കെ.കെ മുഹമ്മദ് റംസി ആണ് തുച്ഛമായ ചെലവിൽ കംപ്യൂട്ടർ രൂപ കൽപന ചെയ്ത് കഴിവ് തെളിയിച്ചത്. ചെറുപ്പം മുതലേ ഐ.ടി സംബന്ധമായ കാര്യങ്ങളിൽ അതീവ തൽപരനായിരുന്ന റംസി കഴിഞ്ഞവർഷമാണ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച കൈറ്റ്സ് പദ്ധതിയിൽ അംഗമായത്. ഐ.ടി വിഷയങ്ങളിൽ അതീവ താൽപര്യം കാണിച്ച റംസി നേരത്തെ തന്നെ സ്വന്തമായി യൂ ട്യൂബ് ചാനലും ക്ലാസിലെ വിദ്യാർഥികൾക്ക് വേണ്ടി

സുപ്രഭാതം
മുഹമ്മദ് റംസി താൻ നിർമിച്ച കംപ്യൂട്ടറുമായി

ബ്ലോഗും തയാറാക്കിയിരുന്നു. കൈറ്റ്സിന്റെ നിരവധി പരിശീലനങ്ങളിൽ പങ്കെടുത്ത ഈ കൊച്ചു മിടുക്കന്റെ ചിന്ത സ്വന്തമായി ഒരു കംപ്യൂട്ടർ നിർമിക്കണം എന്നതായിരുന്നു. ഈ അവധിക്കാലം തന്റെ ആഗ്രഹം പൂവണിയുമെന്ന പ്രതീക്ഷയോടെയാണ് റംസി ഇക്കാര്യം കൈറ്റ്സ് കോഓഡിനേറ്ററായ സുരാജുമായി പങ്കുവയ്ക്കുന്നത്. കുട്ടിയുടെ കഴിവുകൾ മനസിലാക്കിയ അധ്യാപകന്റെ ഭാഗത്തു നിന്നുള്ള പ്രചോദനം കൂടി ലഭ്യമായതോടെ റംസി ഈ അവധിക്കാലം ശരിക്കും ഉപയോഗപ്പെടുത്തുകയായിരുന്നു. ഒരു ജി.ബി റാമും പതിനാറ് ജി.ബി ഡിസ്ക് സ്പേസുമുള്ള ഈ കംപ്യൂട്ടറിന് മറ്റ് ഇലക്ട്രോണിക് ഭാഗങ്ങളെ നിയന്ത്രിക്കാൻ കഴിയുമെന്ന് റംസി പറയുന്നു. വെബ്സൈറ്റുകൾ, ഗെയിംസ് മുതലായവ നിർമിക്കാനും പഠനാവശ്യത്തിനായുള്ള ആപ്പുകൾ പ്രവർത്തിപ്പിക്കാനും ഇതുവഴി സാധിക്കുന്നുണ്ട്. കുറഞ്ഞ വൈദ്യുതി മാത്രമേ ആവശ്യമായി വരുന്നുള്ളൂ എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. മദർ ബോർഡിന്റെ സ്ഥാനത്ത് റാസ്ബറി പി.ഐ ഉപയോഗിച്ച ഈ കംപ്യൂട്ടറിന്റെ നിർമാണത്തിനായി ഏഴ് ഇഞ്ച് മോണിറ്ററും എച്ച്.ഡി.എം.ഐ കേബിളും, ഒരു ചെറിയ പെട്ടിയും, കീബോർഡ്, മൗസ് എന്നിവയുമാണ് ഉപയോഗിച്ചിട്ടുള്ളത്. ഈ വർഷത്തെ കൈറ്റ്സ് സംസ്ഥാന ക്യാംപിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്ന് സെലക്ഷൻ ലഭിച്ച പത്ത് പേരിൽ ഒരാളാണ് ഈ മിടുക്കൻ. ഈ വർഷത്തെ സബ്ജില്ലാ ശാസ്ത്ര മേളയിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയിരുന്നു. വാണിമേലിലെ കൊയിലോത്താം കണ്ടി സുബൈറിന്റെയും നജിലയുടെയും മകനാണ് മുഹമ്മദ് റംസി.

# <u>*2019 – 21' Little KITEs inauguration*</u>






# *A DAY WITH BES TIES...*

*Today I am very happy. we are going to a wonderful joyful journey with all over besties.I went to school at 9:30 PM. We were in a thrill mood and we play some songs and dance. Our bus was a fabulous bus. At 4:15 we reached Kochi. After refreshing we watched one of the great god. It was a sunrise. that day was special day for all Indians. It was Republic day. We take some photo with our one and only Ali sir. I have no words to tell about our 2nd guardian Ali sir. We start journey to the first destination. On the way Safwan sing a song then we request Ali sir to sing a song .At first he was not ready but, after our request and encouragement he sing a song. It is very nice. Our 1st destination was Vallarpardu church. It was really beautiful .There were so many statue in the one side of the church. After enjoying that we start journey to our 2nd destination . It was spending some times in jangar and travel in jangar and travel in jangar few times enjoying with the sea waves. It was really thrilling. A cold breeze were there to embrace us. Then we walk to Kochi beach. There were so many foreigners. After spending time in the beach me went hotel and ate the delicious lunch. It was the main food in any occasion. In the malabar people it was biriyani. then we we went to our main destination. Our dream it was mariyan drive there were so many boats with different model we enter to a boat in that boat there was a guide. He was telling so many jokes. In that boat singing competition our friend Rahsha and Safwan participate in that competition. it was really amazing. Then we enter to D.J floor all we dance in rhythmic. After the dance we became tired. At that time Ali sir gave ice cream. Then we go to metro. It was a great experience in my life. It was 1st time seeing and travelling in a metro.*

*At night we reach lulu mall through metro. We divide into some groups and enjoy the beauty of lulu mall. 1st my friends and me watch 5D. It was really horrible. We make some sounds for enjoying. Lulu mall was very busy,so we can't met lulu mall directly. After our meal we returned from Kochi with saying goodbye to the endless pleasure of Kochi. This trip give me some unforgettable memories...*

*By,*

*Chandana V. N*

# സ്നേഹ പ്രവാചകൻ

Nyna Meharin

ഉയർത്തി കെട്ടിയ
മൂവർണ്ണക്കൊടി മേലാകെ
രുധിര വർണ്ണം
ആൾക്കൂട്ടത്തിന്നിടയിൽ പെട്ട്
ശ്രീരാമൻ നിലവിളിക്കുന്നു
മഹാരഥന്മാരുടെ ബ്രഹ്മാസ്ത്രം
കണ്ടാവണം
അഭിനവ്യുവിൻ കൈയിലെ
പൊട്ടിയ ചക്രങ്ങൾ നിലം പതിച്ചു.
നീതിയില്ലാത്തിടത്ത്,നീതിമാനും വേണ്ട
നിയമമില്ലാത്തിടത്തെന്തിന്
ന്യായാധിപൻ ?
നാവറുത്തുമാറ്റിയ
മുഖങ്ങളിൽ നോക്കി
ശ്രീരാമൻ മന്ത്രിച്ചു
സത്യം......സ്നേഹം......സമാധാനം......

# ഏകനോ ഞാൻ...?


വിശ്വസിച്ചിരുന്ന നിന്നെ ഞാൻ...
ഒരിക്കൽ
എൻ വിശ്വാസവും നിശ്വാസവും.
അറിഞ്ഞിരുന്നില്ല ഞാൻ
നാണയത്തിൻ മറുവശം
ചില നിമിഷങ്ങളങ്ങനെയാണ്
കൂടെപ്പിറപ്പായി കണ്ടവർ
കൂടെയുണ്ടാകുമെന്ന് കരുതിയവർ
പറയാൻ തുടങ്ങിയ വാക്കുകൾ,
മുഴുവനാക്കാറില്ല പലപ്പോഴും ...
പറയാൻ വെമ്പിയാൽ
കേൾക്കാനില്ലൊരാൾ
കരയാമെന്നുകരുതി ഞാൻ...
എന്നാൽ,
മഷിയില്ലാത്ത പേന പോൽ
മൂർച്ചയില്ലാത്ത കത്തി പോൽ
മാറിയിരിക്കുന്നു ഞാൻ...

- നൈന മെഹറിൻ

## കാർമേഘമേ....

-ധ്യാന പാർവ്വണ

കാർമേഘമേ നിനക്ക് എന്തൊരു ഭംഗി
പെയ്യുന്ന മഴയേക്കാൾ പെയ്യാൻ തുടങ്ങുന്ന
കാർമേഘമേ നിനക്ക് എന്തൊരു ഭംഗി
എങ്കിലും മേഘമേ മഴയെ തന്നാലും നീ
മഴയിൽ കളിക്കാനായി എന്തുരസം
രാത്രിയിൽ നീ കറുത്ത പക്ഷിയാകുമ്പോൾ
എന്നുള്ളിൽ ഭയങ്ങൾ കേട്ടിടാറുണ്ട്
താരക മാലകൾ നീ സമ്മാനിക്കുമ്പോൾ
എന്നുള്ളിലെ ഭയം വെള്ളരി പ്രാവുപോൽ
എങ്ങോട്ടോ പോയി മറയാറുണ്ട്
മഴയെ നീ ഇങ്ങോട്ടയച്ചപ്പോൾ
നിൻ മേനയിൽ ഞാൻ നോക്കുമ്പോൾ
ആരും കാണാവർണങ്ങൾ
നീ എനിക്കു കാട്ടിയില്ല...
എപ്പോഴും ആ വർണങ്ങൾ എൻ
ഹൃദയത്തിൽ ഞാൻ സൂക്ഷിക്കും



# നാദാപുരം സബ് ജില്ലാകലോത്സവം ക്യാമറയിൽ പകർത്തുന്ന ക്രസൻറ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ്





# നാദാപുരം സബ് ജില്ലാകലോത്സവം ക്യാമറയിൽ പകർത്തുന്ന ക്രസൻറ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ്



